"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - Strengthening of Agricultural Extension - HR support to Project Directorates of ATMA - കരാർ ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.345/2025/AGRI തീയതി, തിരുവനന്തപുരം, 02-04-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം. 1449/13/AD തീയതി 01.08.2013 .
2. സ.ഉ (സാധാ) നം. 1628/14/AD തീയതി 03.09.2014.
3. സ.ഉ (പി) നം.28/2016/ധന തീയതി 26/02/2016 .
4. സ.ഉ (പി) നം.56/2017/ധന തീയതി 28/04/2017 .
5. സ.ഉ. (പി) നം. 112/2018/ധന തീയതി 21/07/2018 .
6. സ.ഉ (പി) നം. 81/2019/ധന തീയതി 09/07/2019 .
7. സ.ഉ(പി) നം.29/2021/ധന തീയതി 11/02/2021 .
8. സ.ഉ(സാധാ) നം. 320/2023/കൃഷി തീയതി 30.03.2023 .
9. സ.ഉ(സാധാ) നം. 435/2024/കൃഷി തീയതി 16.05.2024 .
10. കൃഷി ഡയറക്ടറുടെ 15.02.2025 തീയതിയിലെ ADFW/1091/2025-ATMA നമ്പർ കത്ത്.

**ഉത്തരവ്**

കൃഷി വകുപ്പിനു കീഴിൽ 'HR Support to Project Directorates of ATMA' എന്ന പദ്ധതിയിൽ 25 ജില്ലാ ടെക്നോളജി മാനേജർമാരെ 14 ജില്ലകളിലെ ആത്മ പ്രോജക്റ്റ് ഡയറക്ടറുടെ കാര്യാലയങ്ങളിലും ആത്മ സ്റ്റേറ്റ് നോഡൽ സെല്ലിലും കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം ജോലി ചെയ്തു വന്നിരുന്ന ജില്ലാ ടെക്നോളജി മാനേജർ, ടെക്നിക്കൽ ഓഫീസർമാർ എന്നിവർക്ക് സ്ഥിരനിയമനത്തിന് അവകാശം ഉന്നയിക്കില്ല എന്ന കർശന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലേയ്ക്ക് യഥാക്രമം പരാമർശം (8) , (9) സർക്കാർ ഉത്തരവുകൾ പ്രകാരം കരാർ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. 'HR Support to Project Directorates of ATMA എന്ന പദ്ധതിയിൽ ജില്ലാ ടെക്നോളജി മാനേജർമാരെയും ടെക്നിക്കൽ ഓഫീസർമാരെയും 31.03.2025നു ശേഷം 2025-26

സാമ്പത്തിക വർഷത്തിലേയ്ക്കും തുടർ നിയമനം നൽകണമെന്ന് പരാമർശം (10) ലെ കത്ത് മുഖേന കൃഷി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദിവസവേതന /കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (3) മുതൽ (7) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, "സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ല" എന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങി സൂക്ഷിച്ചുകൊണ്ട്, 'HR Support to Project Directorates of ATMA' എന്ന പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ ജോലി ചെയ്തു വരുന്ന ജില്ലാ ടെക്നോളജി മാനേജർ, ടെക്നിക്കൽ ഓഫീസർമാർ എന്നിവരെ, 31-03-2025ന് ശേഷം ഒരു ദിവസം പൂർത്തിയാകുന്ന മുറയ്ക്ക് ഒരു ദിവസത്തെ ഇടവേള നല്കികൊണ്ട്, ഒരു വർഷം കൂടി പ്രസ്തുത തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
അഡിഷണൽ സെക്രട്ടറി

To

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് I / ആഡിറ്റ് II ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (28/03/2025-ലെ U.O(F)3083926/ Agri-A2/75/2025-FIN മുഖേന).
വിവര, പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂസ് മീഡിയ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (PA2/15/2024-AGRI).

ഉത്തരവിൻ പ്രകാരം

Signed by Megha. R
Date: 03-04-2025 13:22:22
സെക്ഷൻ ഓഫീസർ